പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2669 — 19.07.2011-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ബാങ്കുകളിലെ നിക്ഷേപ-വായ്പാ അനുപാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ: | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ബാങ്കുകളിലെ നിക്ഷേപവും നിക്ഷേപ-വായ്പാ അനുപാതവും ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) 31.03.2011-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിലെ നിക്ഷേപം 1,61,561.76 കോടി (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി അറുപത്തി ഒന്ന് കോടി എഴുപത്തി ആറ് ലക്ഷം) രൂപയും നിക്ഷേപ-വായ്പാ അനുപാതം 75.5 ശതമാനവുമാണ്.<br>31.03.2011-ലെ കണക്കുപ്രകാരം സഹകരണ മേഖലയിൽ 68,388.96 കോടി (അറുപത്തി എട്ടായിരത്തി മുന്നൂറ്റി എൺപത്തി എട്ട് കോടി തൊണ്ണൂറ്റി ആറ് ലക്ഷം) രൂപയുടെ നിക്ഷേപ ബാക്കി നിൽപ്പുള്ളതായി കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ നിക്ഷേപ-വായ്പാ അനുപാതം 82 ശതമാനമാണ്. |
| (ബി) സംസ്ഥാനത്തുള്ള ബാങ്കുകളിലെ നിക്ഷേപത്തിൽ നിന്നും എത്ര തുക | (ബി) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളെ സംബന്ധിച്ച് ടി വിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| | മറ്റ് സംസ്ഥാനങ്ങളിലേക്ക് നീക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | | സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ സ്വരൂപിക്കുന്ന നിക്ഷേപം മറ്റ് സംസ്ഥാന-ങ്ങളിലേക്ക് നീക്കുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്തെ വ്യവസായ സംരംഭകർക്ക് ബാങ്കുകൾ ചുമത്തുന്ന പലിശയെത്ര-യെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ വ്യവസായ സംരംഭകർക്ക് ബാങ്കുകൾ ചുമത്തുന്ന പലിശ അതാതു ബാങ്കുകളുടെ അടിസ്ഥാന പലിശ നിരക്കുകൾക്കനുസൃതമായിരിക്കും. ഇപ്പോൾ വായ്പാ തുകയുടേയും റേറ്റിംങ്ങിനെയും അടിസ്ഥാനമാക്കി 9.5 ശതമാനം മുതൽ 17 ശതമാനം വരെയാണ് ബാങ്കുകൾ ഈടാക്കു-ന്നത്.<br>സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ 14% പലിശ നിരക്കിലാണ് ഇപ്പോൾ വ്യവസായ ആവശ്യത്തിന് വായ്പ നൽകി വരുന്നത്. |
| (ഡി) | സംസ്ഥാനത്തെ "ബാങ്കുക-ളിലെ നിക്ഷേപ-വായ്പാ അനുപാതം വർദ്ധിപ്പിക്കു-ന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാ-നാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ ബാങ്കുകളുടേയും പ്രവർത്തനം - നിക്ഷേപം, വായ്പ, മുൻഗണനാ വിഭാഗം വായ്പ എന്നിവ മൂന്നു മാസത്തിൽ ഒരിക്കൽ കൂടുന്ന സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ അവലോകന യോഗത്തിൽ വിലയിരുത്തും. ഈ ഇനങ്ങളിൽ റിസർവ്വ് ബാങ്ക് നിശ്ചയിച്ചിട്ടുളള പരിധിക്കു താഴെ നിലകൊളളുന്ന ബാങ്കുകൾക്ക് ഊർജ്ജിത-മായിട്ടു പ്രവർത്തനം മെച്ചപ്പെടുത്താൻ യോഗം നിർദ്ദേശിക്കാറുണ്ട്. ഈ തരത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളുടേയും ബാങ്കിംഗ് മേഖലയുടെ പ്രധാന ഘടകങ്ങൾ സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ |

അവലോകനം ചെയ്ത് അതാതു ലീഡ് ഡിസ്ട്രിക്ട് മാനേജർമാർക്ക് നിർദ്ദേശങ്ങൾ നൽകാറുണ്ട്.

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രധാന വിഭവം നിക്ഷേപമാണ്. സഹകരണ മേഖല നിക്ഷേപ സമാഹരണത്തിന് പ്രത്യേക പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. അതിലൂടെ നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ശക്തമായ നിക്ഷേപ അടിത്തറ കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. നിക്ഷേപം വർദ്ധിക്കുന്നതോടൊപ്പം വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് നാടിന്റെ വികസനത്തിന് ഉപയോഗിക്കുവാനും, ജനങ്ങളുടെ കാർഷികവും കാർഷികേതരവുമായ എല്ലാവിധ വായ്പാ ആവശ്യങ്ങളും നിറവേറ്റുന്നതിനുമായി സഹകണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എല്ലാവിധ വായ്പകളും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്ന എല്ലാത്തരം വായ്പകളുടെയും പരിധിയും, ഒരംഗത്തിന് പരമാവധി നൽകാവുന്ന വായ്പാ തുക വർദ്ധിപ്പിച്ചും ഉത്തരവായിട്ടുണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വിതരണം ചെയ്യാവുന്ന കാർഷിക വായ്പയുടെ പരിധി 10 ലക്ഷമായും കാർഷികേതര വായ്പകളുടെ പരിധി 15 ലക്ഷം രൂപയായും, ജില്ലാ സഹകരണ ബാങ്കുകൾ വ്യക്തികൾക്ക് നൽകാവുന്ന വായ്പകളുടെ

പരിധി നബാർഡ് നിബന്ധനകൾക്ക് വിധേയമായി 25 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഓരോ ബാങ്കിനും യോജിച്ച തരത്തിൽ പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടെ നടപ്പിലാക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇ.എം.എസ്. ഭവന പദ്ധതിക്ക് വായ്പയായും വിമാനത്താവളം പദ്ധതിക്ക് ആവശ്യമായ തുക ഓഹരിയായും നൽകുന്നതിന് ബാങ്കുകളെ അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ സഹകരണ മേഖലയിൽ സ്വരൂപിക്കുന്ന നിക്ഷേപത്തിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട കരുതലുകൾ ഒഴികെ മുഴുവൻ തുകയും വായ്പാ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുന്നതിനും, വായ്പാ നിക്ഷേപ അനുപാതം 80%-ൽ കുറയാതെ നിലനിർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ